# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18.08.2025**

### പ്രധാനവാർത്തകൾ

1. വർഷകാല സമ്മേളനം നടക്കുന്ന പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളത്തെ തുടർന്ന് നടപടികൾ തടസ്സപ്പെട്ടു. ഇരു സഭകളും രണ്ട് മണിവരെ പിരിഞ്ഞു.

2. കോഴിക്കോട് അമീബിക് മസ്തിഷ്ക ജ്വരത്തിൻറെ ലക്ഷണങ്ങളോടെ രണ്ട് പേർ ചികിൽസയിൽ കഴിയുന്ന സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്.

3. കാസർഗോഡ് പ്രധാന അധ്യാപകൻ്റെ മർദ്ദനത്തിൽ വിദ്യാർഥിക്ക് പരിക്കേറ്റെന്ന പരാതിയിൽ വിശദമായ അന്വേഷണത്തിന് ഉത്തരവിട്ട് മന്ത്രി വി.ശിവൻകുട്ടി.

4. സംസ്ഥാനത്ത് വ്യാജ വെളിച്ചെണ്ണ വിൽക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മന്ത്രി ജി ആർ അനിൽ.

5. സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒമ്പത് ജില്ലകളിൽ മഴ മുന്നറിയിപ്പ്. മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രതാ നിർദ്ദേശം.

RINU TVPM

6. ഡയമണ്ട് ലീഗ് ഫൈനലിൽ സ്ഥാനം ഉറപ്പാക്കി ജാവലിൻ ത്രോ ലോക ചാമ്പ്യൻ നീരജ് ചോപ്ര.

&&&&&&&&&&&&&&&&

പാർലമെൻറ്

വർഷകാല സമ്മേളനം നടക്കുന്ന പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളത്തെ തുടർന്ന് നടപടികൾ തടസ്സപ്പെട്ടു. ഇരു സഭകളും രണ്ട് മണിവരെ പിരിഞ്ഞു. രാജ്യസഭയിൽ അടിയന്തര ചർച്ച ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടു വന്ന 19 നോട്ടീസുകൾ, സഭാ ഉപാധ്യക്ഷൻ ഹരിവംശ് തള്ളിയതോടെയാണ് പ്രതിഷേധം ശക്തമായത്. ബിഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച കാര്യങ്ങൾ കോടതിയുടെ പരിഗണനയിലായതിനാൽ, വിഷയം ചർച്ച ചെയ്യാനാവില്ലെന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. ലോക്സഭയിലും സമാനമായ പ്രതിഷേധങ്ങളാണ് അരങ്ങേറിയത്. ബഹിരാകാശ നിലയത്തിൽ നിന്നും എത്തിയ ആദ്യ ഇന്ത്യാക്കാരനായ ശുഭാൻശു ശുക്ലയുടെ നേട്ടവുമായി ബന്ധപ്പെട്ട് ലോക്സഭയിൽ ഇന്ന് പ്രത്യേക ചർച്ച നടക്കുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു നേരത്തെ അറിയിച്ചിരുന്നു.

RNUTVPM

&&&&&&&&&&&&&&&&

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ്

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ എൻഡിഎ സ്ഥാനാർത്ഥിയായി മഹാരാഷ്ട്ര ഗവർണർ സി പി രാധാകൃഷ്ണൻ മത്സരിക്കും. തമിഴ്നാട് സ്വദേശിയാണ്. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള

നാമനിർദ്ദേശ പത്രികകൾ വ്യാഴാഴ്ച വരെ സമർപ്പിക്കാം. അടുത്ത മാസം 9 നാണ് തിരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&

**അമീബിക് മസ്തിഷ്ക ജ്വരം- ഇൻട്രോ**

കോഴിക്കോട് മെഡിക്കൽ കോളെജിൽ അമീബിക് മസ്തിഷ്ക ജ്വരം ലക്ഷണങ്ങളോടെ രണ്ട് പേർ ചികിൽസയിൽ കഴിയുന്നു. ഇതിൽ മൂന്ന് മാസം പ്രായമുള്ള കുട്ടിയും ഉണ്ട്. നിലവിൽ കുട്ടിയുടെ സാമ്പിളുകൾ വിദഗ്ധ പരിശോധനക്ക് അയച്ചിരിക്കുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&

**കാസർഗോഡ്- വി ശിവൻകുട്ടി**

കാസർഗോഡ് കുണ്ടംകുഴി ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ പ്രധാന അധ്യാപകന്റെ അടിയേറ്റ് വിദ്യാർഥിയുടെ കർണ്ണപുടം തകർന്നുവെന്ന പരാതിയിൽ വിശദമായ അന്വേഷണത്തിന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി ഉത്തരവിട്ടു. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തുമെന്നും റിപ്പോർട്ട് ലഭിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു

&&&&&&&&&&&&&&&&

**തെരഞ്ഞെടുപ്പ് കമ്മീഷൻ**

വോട്ടു തിരിമറി ആരോപണം തള്ളി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഭരണഘടനാപരമായ ഉത്തരവാദിത്തങ്ങളിൽ നിന്ന് കമ്മീഷൻ ഒരിക്കലും പിന്മാറില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ വ്യക്തമാക്കി. തിരഞ്ഞെടുപ്പ് കമ്മീഷന് രാഷ്ട്രീയ വിവേചനമില്ലെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്തസമ്മേളനത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&&

**ജി ആർ അനിൽ**

സംസ്ഥാനത്ത് വ്യാജ വെളിച്ചെണ്ണ വിൽക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മന്ത്രി ജി ആർ അനിൽ. ഇതിനായി ആരോഗ്യവകുപ്പിൻറെ നേതൃത്വത്തിൽ പരിശോധന ശക്തമാക്കിയിട്ടുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. വെളിച്ചെണ്ണ വില ഇനിയും കുറയുമെന്നും മന്ത്രി വ്യക്തമാക്കി. നെല്ല് കർഷകർക്ക് സംഭരിച്ച നെല്ലിൻറെ പണം നൽകാത്തത് കേന്ദ്രത്തിൽ നിന്നുള്ള തുക കിട്ടാൻ വൈകുന്നതിനാലാണ്. കേന്ദ്രസർക്കാർ ഈ തുക എത്രയുംവേഗം അനുവദിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&

**ഓണപരീക്ഷ**

സംസ്ഥാനത്ത് ഓണ പരീക്ഷകൾക്ക് തുടക്കമായി. യുപി, ഹൈസ്കൂൾ, പ്ലസ് ടു വിദ്യാർഥികൾക്കാണ് ഇന്ന് പരീക്ഷ ആരംഭിച്ചത്. എൽപി വിഭാഗത്തിന് ബുധനാഴ്ച

RNU TVPM

മുതലാണ് പരീക്ഷ. ഓണപ്പരീക്ഷയുടെ ചോദ്യക്കടലാസ് ചോർച്ച തടയാൻ വിദ്യാഭ്യാസ വകുപ്പ് മാർഗരേഖ പുറത്തിറക്കി. പരീക്ഷ തുടങ്ങുന്നതിന് അരമണിക്കൂർ മുൻപ് മാത്രമേ ചോദ്യക്കടലാസ് അടങ്ങുന്ന പാക്കറ്റുകൾ പൊട്ടിക്കാൻ പാടുള്ളൂ എന്ന് നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&

**ജി ആർ അനിൽ- ഫോൺ ഇൻ**

മന്ത്രി GR അനിൽ സംവദിക്കുന്ന ഫോൺ ഇൻ പ്രോഗ്രാമിൽ പൊതു ജനങ്ങൾക്ക് ഇന്ന് മന്ത്രിയുമായി സംസാരിക്കാൻ അവസരം. ഉച്ചയ്ക്ക് 2 മുതൽ 3 വരെയാണ് സമയം. ഭക്ഷ്യ, പൊതു വിതരണ, ലീഗൽ മെട്രോളജി വകുപ്പുകളിലെയും സപ്ലൈകോയിലേയും വിഷയങ്ങൾ സംബന്ധിച്ച പരാതി കളും നിർദ്ദേശങ്ങളും ഫോൺ ഇൻ പ്രോഗ്രാമിൽ അറിയിക്കാം. വിളിക്കേണ്ട നമ്പർ- 89 43 87 30 68

&&&&&&&&&&&&&&&&

**കാസർഗോഡ്- ഇൻട്രോ**

ദേശീയ തലത്തിൽ മികച്ച ആസ്പിരേഷണൽ ബ്ലോക്കിനുള്ള കേന്ദ്ര സർക്കാരിൻറെ പുരസ്കാരം നേടിയ കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്കിലെ ക്ഷീര മേഖലയുടെ സമഗ്ര വികസനത്തിനായുള്ള പാലാഴി പദ്ധതി ജില്ലാ കളക്ടർ ഉദ്ഘാടനം ചെയ്തു. മൃഗസംരക്ഷണ വകുപ്പിൻറെ നേതൃത്വത്തിൽ പരപ്പ ബ്ലോക്ക് പഞ്ചായത്താണ് പദ്ധതി നടപ്പിലാക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ...**

RIJU TVPM

(വോയിസ്)

&&&&&&&&&&&&&&&&

**മഴ- കേരളം**

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം മുതൽ വയനാട് വരെയുള്ള ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള- കർണ്ണാടകം-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&

RNU TVPM

**ഡാം തുറന്നു**

വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്നതിനാൽ വയനാട്ടിലെ ബാണാസുര സാഗർ അണക്കെട്ട് തുറന്നു. കൊല്ലം, കല്ലട ഡാമിന്റെ രണ്ട് ഷട്ടറുകൾ ഇന്ന് രാവിലെ എട്ടിന് 5 സെന്റിമീറ്റർ വീതം ഉയർത്തി 20 സെന്റിമീറ്ററിൽ എത്തിക്കുന്നതാണ്. പത്തനംതിട്ട, കക്കി - ആനത്തോട് ഡാമിൽ ജലനിരപ്പ് ഉയരുന്നതിനാൽ ഡാമിൻറെ ഒരു ഷട്ടർകൂടി തുറന്നു. നിലവിൽ ഡാമിൻ്റെ മൂന്നു ഷട്ടറുകളാണ് തുറന്നിട്ടുള്ളത്. തൃശ്ശൂർ പീച്ചി ഡാമിൻറെ ഷട്ടറുകളും തുറന്നുട്ടുണ്ട്. ഇടുക്കിയിലെ മാട്ടുപ്പെട്ടി, കല്ലാർകുട്ടി, ഇരട്ടയാർ, ലോവർ പെരിയാർ എന്നീ അണക്കെട്ടുകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. നദികളുടെ കരയിൽ താമസിക്കുന്നവർക്ക് കർശന ജാഗ്രത നിർദേശമുണ്ട്. കണ്ണൂർ പഴശ്ശി ജലസംഭരണിയുടെ ആകെയുള്ള 16 ഷട്ടറുകളിൽ 14 എണ്ണവും ഉയർത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&

ഇടുക്കി -ഇൻട്രോ

ഇരവികുളം ദേശീയോദ്യാനത്തിൽ വരയാടുകളുടെ 2025ലെ കണക്കെടുപ്പ് പൂർത്തിയായി. പുതിയ 144 വരയാടിൻ കുഞ്ഞുങ്ങളെ സെൻസസിൽ കണ്ടെത്തി. ഇതോടെ ആകെ വരയാടുകളുടെ എണ്ണം 841 ആയി ഉയർന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയിസ്)

&&&&&&&&&&&&&&&&

ഛത്തീസ്ഗഡ്

ഛത്തീസ്ഗഡിലെ ബസ്തർ ഡിവിഷനിലെ ബിജാപൂർ ജില്ലയിൽ മാവോയിസ്റ്റുകൾ നടത്തിയ ഐഇഡി സ്ഫോടനത്തിൽ ഒരു സുരക്ഷാ ഉദ്യോഗസ്ഥന് വീരമൃത്യു. മൂന്ന് ജവാന്മാർക്ക് പരിക്കേറ്റു. നാഷണൽ പാർക്ക് പ്രദേശത്ത് ജില്ലാ റിസർവ് ഗാർഡ് സംഘം നടത്തിയ നക്സൽ വിരുദ്ധ പ്രവർത്തനങ്ങൾക്കിടെയാണ് പൊട്ടിത്തെറി ഉണ്ടായത്. പരിക്കേറ്റവർ അപകടനില തരണം ചെയ്തു.

RNU TVPM

&&&&&&&&&&&&&&&&

സപ്ലൈകോ- ജി ആർ അനിൽ

സപ്ലൈകോ , ശബരി ബ്രാൻഡിൽ അഞ്ചു പുതിയ ഉത്പന്നങ്ങൾ പുറത്തിറക്കും. നാളെ എറണാകുളം ബോൾഗാട്ടി പാലസിലെ ചടങ്ങിൽ മന്ത്രി GR അനിൽ പരിപാടി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&

**നീരജ് ചോപ്ര**

ജാവലിൻ ത്രോ നിലവിലെ ലോക ചാമ്പ്യനും രണ്ടുതവണ ഒളിമ്പിക് മെഡൽ ജേതാവുമായ നീരജ് ചോപ്ര ഡയമണ്ട് ലീഗ് ഫൈനലിൽ സ്ഥാനം ഉറപ്പാക്കി. ഈ മാസം 27, 28 തീയതികളിൽ സ്വിറ്റ്സർലൻഡിലെ സ്യൂറിക്കിലാണ് മത്സരം. സൈലേഷ്യയിൽ നടന്ന മത്സരത്തിൽനിന്ന് വിട്ടുനിന്നെങ്കിലും, ഈ സീസണിൽ മുൻ പ്രകടനങ്ങളുടെ മികവിലാണ് ചോപ്ര യോഗ്യത ഉറപ്പാക്കിയത്. 2022-ൽ ഡയമണ്ട് ലീഗ് കിരീടം നേടിയ ചോപ്ര, കഴിഞ്ഞ രണ്ടുവർഷം റണ്ണർ അപ്പ് ആയിരുന്നു. അതേസമയം, ഡയമണ്ട് ലീഗ് ഫൈനലിൽ പങ്കെടുക്കുന്ന കാര്യം നീരജ് ചോപ്ര സ്ഥിരീകരിച്ചിട്ടില്ല.

RNUTVPM

&&&&&&&&&&&&&&&&

**യുറോളജിസ്റ്റ് വേണുഗോപാൽ**

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജിൽ ആദ്യമായി വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയ പ്രമുഖ യുറോളജിസ്റ്റ് ഡോ. ജി വേണുഗോപാൽ അന്തരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ യൂറോളജി വിഭാഗം മുൻ മേധാവിയാണ്. ഇന്നലെ ഉച്ചയോടെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. സംസ്കാരം തൈക്കാട് ശാന്തികാവടത്തിൽ നടന്നു.

&&&&&&&&&&&&&&&&

**കോഴിക്കോട്- വാട്ടർടാങ്ക് അപകടം**

കോഴിക്കോട് ചാത്തമംഗലത്തു കുടിവെള്ളപദ്ധതിയുടെ ടാങ്ക് പൊട്ടി അപകടം. 50000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കാണ് പൊട്ടിയത്. സമീപത്തെ വീടുകളിലേക്ക് ചെളിയും മണ്ണും കയറി. അപകടത്തിൽ ആർക്കും പരിക്കില്ല. 100 ഓളം കുടുംബങ്ങൾ ഉപയോഗിക്കുന്ന ടാങ്കിന്റെ ഒരു ഭാഗം ആണ് ഇന്ന് പുലർച്ചെ പൊട്ടിയത്.

&&&&&&&&&&&&&&&&

**സ്കൂൾ വാൻ അപകടം**

തിരുവനന്തപുരത്ത് സ്കൂൾ കുട്ടികളുമായി വന്ന വാൻ കുഴിയിലേക്ക് വീണ് അപകടം. അപകടത്തിൽ വാനിലുണ്ടായിരുന്ന 31 കുട്ടികൾക്കും ഒരു അധ്യാപികയ്ക്കുമടക്കം 32 പേർക്ക് പരിക്കേറ്റു.

RNU TVPM

&&&&&&&&&&&&&&&&
&&&&&&&
&&&